# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 മാർച്ച് 15

# വാർത്താക്കുറിപ്പ്

---

## പരീക്ഷ തീയതി

രണ്ടാം വർഷ എം.എസ് സി. മെഡിക്കൽ അനാട്ടമി (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 26 മുതൽ നടക്കും. പിഴയില്ലാതെ മാർച്ച് 16 വരെയും 525 രൂപ പിഴയോടെ മാർച്ച് 17 വരെയും 1050 രൂപ സൂപ്പർഫൈനോടെ മാർച്ച് 18 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/347/2021)

രണ്ടാം സെമസ്റ്റർ എം.എസ് സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2019 അഡ്മിഷൻ റഗുലർ/2016-2018 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 24 മുതൽ ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 15 വരെയും 525 രൂപ പിഴയോടെ മാർച്ച് 16 വരെയും 1050 രൂപ സൂപ്പർഫൈനോടെ മാർച്ച് 17 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/348/2021)

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ മൂന്നാം സെമസ്റ്റർ റഗുലർ/സപ്ലിമെന്ററി - എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ് ആന്റ് പബ്ലിക് പോളിസി ആന്റ് ഗവേഷണൻസ് പരീക്ഷകൾ മാർച്ച് 31 മുതൽ ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 24 വരെയും 710 രൂപ പിഴയോടെ മാർച്ച് 25 വരെയും 1160 രൂപ സൂപ്പർഫൈനോടെ മാർച്ച് 26 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/349/2021)

## സ്‌പെഷൽ മേഴ്‌സി ചാൻസ് പരീക്ഷ

ഒന്നും രണ്ടും സെമസ്റ്റർ സ്‌പെഷൽ മേഴ്‌സി ചാൻസ് 2018 (നോൺ സി.എസ്.എസ്.) റഗുലർ (കോളേജ് സ്റ്റഡി) - 2004-2011 അഡ്മിഷൻ എം.എ./ എം.എസ് സി./ എം.കോം പരീക്ഷകൾ മാത്രമാണ് പ്രൈവറ്റ് രജിസ്‌ട്രേഷൻ വിദ്യാർഥികൾക്കുള്ള ഒന്നും രണ്ടും സെമസ്റ്റർ എം.എ./ എം.എസ് സി./ എം.കോം. പരീക്ഷയോടൊപ്പം നടക്കുക.

(പി.ആർ.ഒ/39/350/2021)

## ഉത്തരക്കടലാസ് മൂല്യനിർണയ ക്യാമ്പ് മാർച്ച് 17 മുതൽ

2021 ജനവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ യു.ജി. - സി.ബി.സി.എസ്.എസ്. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയം ഒൻപത് കേന്ദ്രങ്ങളിലായി മാർച്ച് 17 മുതൽ ആരംഭിക്കും. ബി.എസ് സി. കോഴ്‌സുകളുടെ മൂല്യനിർണയം മാർച്ച് 17നും ബി.കോം കോഴ്‌സുകളുടെ മൂല്യനിർണയം മാർച്ച് 18നും ബി.എ., ന്യൂജനറേഷൻ കോഴ്‌സുകളുടെ മൂല്യനിർണയം മാർച്ച് 19നും ആരംഭിക്കും. മൂല്യനിർണയ ക്യാമ്പുകളിൽ ഹാജരാകുന്നതിനായി കോളേജുകളിലെ മുഴുവൻ അധ്യാപകരേയും അതത് ദിവസം രാവിലെ 9.30ന് ക്യാമ്പിൽ ഹാജരാകുന്നതിനുള്ള നിർദ്ദേശത്തോടെ കോളേജിൽ നിന്നും വിടുതൽ ചെയ്യണം. ഈ ദിവസങ്ങളിൽ തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെടുന്നവർ മാർച്ച് 20ന് ക്യാമ്പുകളിൽ ഹാജരായാൽമതി. കോട്ടയം ബി.സി.എം. കോളേജ് (9562869005), ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ് (9544389606), കോഴഞ്ചേരി സെന്റ് തോമസ് കോളേജ് (9446824314), പാലാ അൽഫോൻസാ കോളേജ് (9447362420), മൂവാറ്റുപുഴ നിർമ്മല കോളേജ് (9567490441), തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജ് (9567911611), ആലുവ യു.സി. കോളേജ് (8075478265), കട്ടപ്പന ജെ.പി.എം. കോളേജ് (7025154050), അടിമാലി കാർമൽഗിരി കോളേജ് (8547093816) എന്നിവയാണ് ക്യാമ്പ് കേന്ദ്രങ്ങൾ.

(പി.ആർ.ഒ/39/351/2021)

## സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ്; അന്തിമ സ്ഥാനാർഥി പട്ടിക

മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പിനുള്ള (2019-2020) അന്തിമ സ്ഥാനാർഥി പട്ടിക സംബന്ധിച്ച വിജ്ഞാപനം സർവകലാശാല ഓഫീസിലും ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/352/2021)

## സർവകലാശാല സെനറ്റ് തെരഞ്ഞെടുപ്പ്; നാമനിർദ്ദേശപത്രിക

സർവകലാശാല സെനറ്റ് തെരഞ്ഞെടുപ്പിനായി കോളേജ് പ്രിൻസിപ്പൽമാരുടെ മണ്ഡലത്തിൽനിന്നും ലഭിച്ച സാധുവായ നാമനിർദ്ദേശപത്രികകൾ സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പരിശോധനകൾക്കായി സർവകലാശാല ഓഫീസിലും വെബ്സൈറ്റിലും ലഭിക്കും. മാർച്ച് 19ന് രാവിലെ 11.30 വരെ നാമനിർദ്ദേശപത്രികകൾ പിൻവലിക്കാം.

(പി.ആർ.ഒ/39/353/2021)

**നജീബ് എം.**

പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)